ദേശീയ ഗെയിംസും പദ്ധതികളും

316 (2191) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് പ്രഖ്യാപിച്ച മിഷൻ മോഡ് പദ്ധതികൾ ഏതെല്ലാമാണ് ;

(സി) മിഷൻ മോഡ് സ്കീമിൽ ഉൾപ്പെടുത്തി ഇനിയും പൂർത്തീകരിക്കേണ്ട പദ്ധതികൾ ഏതെല്ലാമാണ് വിശദമാക്കാമോ ?

ഉത്തരം

(എ) 2015 ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ നടക്കുന്ന 35-ാമത് ദേശീയ ഗെയിംസിനായുള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ദേശീയ ഗെയിംസിനായി 16 സ്റ്റേഡിയങ്ങളിൽ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയുള്ള പുനരുദ്ധാരണവും, 9 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 10 താൽക്കാലിക നിർമ്മിതികളുമാണ് സജ്ജമാകുന്നത്. ഇതിൽ ഭൂരിഭാഗം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്റ്റേഡിയങ്ങൾ 2014 ഡിസംബർ 30-ഓടെ സജ്ജമാകും. പണി പൂർത്തിയായ സ്റ്റേഡിയങ്ങളിൽ മത്സരം നടത്തുന്നതിന് വേണ്ടി വരുന്ന മറ്റ് ടെക്നിക്കൽ ആവശ്യങ്ങൾ/താല്കാലിക സൗകര്യങ്ങൾ എന്നിവ തയ്യാറായി വരുന്നുണ്ട്. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന, ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫിഷ്യൽസിനും താമസസൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരത്ത് മേനംകുളത്ത് 30 ഏക്കർ സ്ഥലത്ത് 3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പ്രീ-ഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഗെയിംസ് വില്ലേജിന്റെ കെട്ടിടനിർമ്മാണം പൂർത്തിയായി. ഗെയിംസ് വില്ലേജിലെ മറ്റ് അനുബന്ധപ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഗെയിംസ് നടക്കുന്ന തിരുവനന്തപുരം ഒഴികെയുള്ള മറ്റ് ജില്ലകളിൽ കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും താമസസൗകര്യം ഏർപ്പാടാക്കുന്നതിന് അക്കോമഡേഷൻ കമ്മിറ്റി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

35-ാമത് ദേശീയ ഗെയിംസിന്റെ ഫലപ്രദമായ നടത്തിപ്പിനു വേണ്ടി ബഹു: മുഖ്യമന്ത്രി ചെയർമാനായുള്ള നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും, കൂടാതെ 27 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ജില്ലാതലപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് ബഹു.മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ/പ്രാദേശിക കമ്മിറ്റികളും, പ്രത്യേക ചുമതലകൾ നൽകിക്കൊണ്ട് 22 സംസ്ഥാനതല സബ് കമ്മിറ്റികളും രൂപീകരിച്ച് ഗെയിംസ് മികച്ച രീതിയിൽ നടത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 35-ാമത് ദേശീയ ഗെയിംസിലെ മത്സരങ്ങളുടെ നടത്തിപ്പിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പൂർത്തിയായി വരുന്നുണ്ട്. ഗെയിംസിനായുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചതിൽ, രാജ്യാന്തരം ഉൾപ്പെടെ, വിവിധ ഇനങ്ങൾക്കായി 19 സപ്ലൈ ഓർഡറുകൾ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്.

(ബി&സി) താഴെപ്പറയുന്ന പ്രവർത്തികളാണ് മിഷൻമോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
2. ടാപ്പ് & സ്റ്റീറ്റ്, മുക്കുന്നിമല
3. ഹോക്കി സ്റ്റേഡിയം, കൊല്ലം
4. ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ

മുക്കുന്നിമലയിൽ നടത്താനിരുന്ന ടാപ്പ് & സ്റ്റീറ്റ് റേഞ്ച് നിർമ്മാണം സാങ്കേതിക കാരണങ്ങളാൽ ഉപേക്ഷിക്കുകയും, . പുതുതായി ടാപ്പ് & സ്റ്റീറ്റ് ഷൂട്ടിംഗ് റേഞ്ച് നിർമ്മിക്കുന്നതിന് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞിട്ടുള്ള മിഷൻ മോഡ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ഡിസംബർ മാസത്തോടെ പൂർത്തിയാകുന്നതാണ്.

1. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം
2. ടാപ്പ് & സ്റ്റീറ്റ്, പോലീസ് അക്കാഡമി, തൃശ്ശൂർ (മുക്കുന്നിമല പദ്ധതിക്കു പകരം)
3. ഹോക്കി സ്റ്റേഡിയം, കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly